# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5241. 30.06.2014 ൽ മറുപടിയ്ക്ക്.

### വാഹനങ്ങളിൽ യാത്ര ചെയ്യുന്നവരും ഡ്രൈവർമാരും പാലിക്കേണ്ട സുരക്ഷാ സംവിധാനങ്ങൾ

| | ചോദ്യം<br>ശ്രീ. രാജു എബ്രഹാം | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കേരളത്തിലെ വിവിധതരം വാഹനങ്ങളിൽ യാത്ര ചെയ്യുന്നവരും ഡ്രൈവർമാരും എന്തൊക്കെ സുരക്ഷാ സംവിധാനങ്ങളാണ് പാലിക്കേണ്ടതെന്ന് ഇനം തിരിച്ച് വിശദമാക്കാമോ ; | (എ) | 1. ഇരുചക്രവാഹനങ്ങൾ ഓടിക്കുന്നവർ ഹെൽമറ്റ് ധരിച്ചിരിക്കണം, സാരീഗാർഡ് ഘടിപ്പിക്കണം<br>2. ഇരുചക്ര വാഹനം, മുച്ചക്ര വാഹനം എന്നിവ ഒഴികെയുള്ള വാഹനങ്ങളിൽ ഡ്രൈവറും മുൻസീറ്റിൽ യാത്ര ചെയ്യുന്ന വ്യക്തിയും സീറ്റ് ബെൽറ്റ് ധരിച്ചിരിക്കണം.<br>3. എം1 കാറ്റഗറി വാഹനങ്ങളിൽ മേൽ പറഞ്ഞത് കൂടാതെ മുന്നോട്ട് അഭിമുഖമായുള്ള പുറകിലെ സീറ്റിൽ യാത്ര ചെയ്യുന്നവർ സീറ്റ് ബെൽറ്റ് ധരിച്ചിരിക്കണം. ഈ വ്യവസ്ഥ സംസ്ഥാനത്ത് നിർബന്ധമാക്കിയിട്ടില്ല.<br>4. അനുവദനീയമായ വേഗതയിൽ മാത്രമേ ഡ്രൈവർമാർ വാഹനം ഓടിക്കുവാൻ പാടുള്ളൂ.<br>5. നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി അനുവദനീയമായതിൽ കൂടുതൽ യാത്രക്കാരുമായി ഡ്രൈവർ വാഹനം ഓടിക്കുവാൻ പാടുള്ളതല്ല.<br>6. കൈയും തലയും വാഹനത്തിനു വെളിയിൽ ഇടരുത്. |

| | | | |
|---|---|---|---|
| | | | 7. വാഹനമോടുമ്പോൾ ബലമായി പിടിച്ചിരിക്കണം<br><br>8. ഡ്രൈവ് ചെയ്യുമ്പോൾ മൊബൈൽ ഫോൺ ഉപയോഗിക്കരുത്. |
| (ബി) | നാലുചക്രവാഹനങ്ങളിൽ പിൻസീറ്റ് യാത്രക്കാർക്ക് സീറ്റ് ബെൽറ്റ് നിർബന്ധമാക്കിയിട്ടുണ്ടോ ; ടാക്സി വാഹനങ്ങൾക്കും ഈ നിയമം ബാധകമാണോ ; | (ബി) | 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 125(1 എ) പ്രകാരം എം1 കാറ്റഗറി വാഹനങ്ങളിൽ മുന്നോട്ട് അഭിമുഖമായിരിക്കുന്ന പിൻസീറ്റ് യാത്രക്കാർക്ക് സീറ്റ് ബെൽറ്റ് നിർബന്ധമാണ്. ടാക്സി വാഹനങ്ങൾ ഉൾപ്പെടെയുള്ള എം1 കാറ്റഗറി യാത്രാ വാഹനങ്ങൾക്ക് ഇത് ബാധകമാണ്. എന്നാൽ ഈ വ്യവസ്ഥ സംസ്ഥാനത്ത് നിർബന്ധമാക്കിയിട്ടില്ല. |
| (സി) | ഇരുചക്ര വാഹനങ്ങൾ അപകടത്തിൽ പ്പെടുമ്പോൾ പിൻസീറ്റ് യാത്രക്കാർക്ക് തലയ്ക്ക് പരിക്കേൽക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; പിൻസീറ്റ് യാത്രക്കാർക്ക് ഹെൽമറ്റ് നിർബന്ധമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ? | (സി) | ഉണ്ട്.<br>1989 ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നിർദ്ദേശം പരിഗണനയിൽ ഉണ്ട്. |

സെക്ഷൻ ഓഫീസർ.